# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3988** **20.07.2015-ൽ മറുപടിക്ക്**

## ഉള്ളൂർ കടവ് പാലത്തിനുള്ള സ്ഥലമെടുപ്പ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ് <br> പൊതുമരാമത്ത് വകുപ്പ് മന്ത്രി |

(എ) ഉള്ളൂർ കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടപടികൾ സംബന്ധിച്ച പി.ഡബ്ളിയു.ഡി ഇഇ ആർ&ബി ഓഫീസിലെ E3/3944/12 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കി പ്രസ്തുത ഫയലിന്റെ സമ്പൂർണ്ണ പകർപ്പ് (നോട്ട് ഫയൽ, നടപടിക്രമങ്ങൾ, നടപടി തീർപ്പ് മുതലായ എല്ലാ രേഖകളും ഉൾപ്പെടുന്ന സമ്പൂർണ്ണ പകർപ്പ്) ലഭ്യമാക്കാമോ ;

(എ) എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗം കോഴിക്കോടിന്റെ ഇ 4/3944/12 ഫയൽ പ്രകാരം എൽ.എ സ്പെഷ്യൽ തഹസിൽദാർ കൊയിലാണ്ടിക്ക് ഉള്ളൂർക്കടവ് പാലത്തിന്റെ പ്രാഥമിക ചെലവുകൾക്കായി 1 ലക്ഷം രൂപ 30.11.12-ന് അനുവദിക്കുകയുണ്ടായി. തുടർന്ന് പ്രസ്തുത സംഖ്യയുടെ യൂട്ടിലൈസേഷൻ 31.07.14-ന് സമർപ്പിക്കുകയുണ്ടായി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിൻ പ്രകാരം 29.12.14 തീയതിയിലെ എൽ.എ സ്പെഷ്യൽ തഹസീൽദാരുടെ ഫണ്ട് ആവശ്യപ്പെട്ടു കൊണ്ടുള്ള കത്ത് 06.02.15 ന് മാത്രമാണ് ടി കാര്യലയത്തിൽ ലഭിച്ചത്. തുടർന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലങ്ങൾ ഉപവിഭാഗം കോഴിക്കോടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11.03.15 തീയതിയിലെ ഇ 3/3944/12 നമ്പർ കത്ത് പ്രകാരം ലെറ്റർ ഓഫ് ക്രഡിറ്റ് പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ബി) പ്രസ്തുത ഫയലിൽ റവന്യൂ എൽ.എ തഹസീൽദാർ, കളക്ടർ മുതലായ അധികാരികൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ എന്നാണ് ഇ ഇ -ക്ക് നൽകിയതെന്നും അത് ഇ ഇ എന്നാണ് സി.ഇ.-ക്ക് നൽകിയത് എന്നും സി.ഇ എന്നാണ് തുടർ-നടപടികൾ സ്വീകരിച്ചത് എന്നും, തുടർന്ന് പി.ഡബ്ളിയു.ഡി ഫിനാൻസ്

(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്തുകളും പാലങ്ങളും വിഭാഗം കോഴിക്കോടിന്റെ റിപ്പോർട്ടിൻ പ്രകാരം 29.12.14 തീയതിയിലെ എൽ.എ സ്പെഷ്യൽ തഹസീൽദാരുടെ ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് 06.02.15 ന് മാത്രമാണ് ടി കാര്യാലയത്തിൽ ലഭിച്ചത്. കൂടാതെ കോഴിക്കോട് ജില്ലാ കളക്ടറുടെ 11.03.15 തീയതിയിലെ അർദ്ധ ഔദ്യോഗിക കത്ത്

| | | | |
|---|---|---|---|
| | സെക്ഷനിൽ (എഫ് ആർ 2) നിന്ന് ധനകാര്യ വകുപ്പിലേക്ക് അപേക്ഷ എന്നാണ് പോയിട്ടുള്ളത് എന്നും വിശദമാക്കുന്ന കലണ്ടർ ഓഫ് കറസ്പോണ്ടൻസ് ലഭ്യമാക്കാമോ; | | നമ്പർ ബി2/26043/2010 11/3/15-ന് ലഭിക്കുകയുണ്ടായി. തുടർന്ന് 11.03.15 തീയതിയിലെ ഇ 3/3944/12 നമ്പർ കത്ത് പ്രകാരം ലെറ്റർ ഓഫ് ക്രഡിറ്റ് പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗത്തിന് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 12.03.15 തീയതിയിലെ എഫ്.ആർ.2/ 2898/2015 നമ്പർ കത്ത് പ്രകാരം ലെറ്റർ ഓഫ് ക്രഡിറ്റ് പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ, 12.03.15-ന് സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. ആയത് 6472/C2/ 2015/ പൊ.മ.വ നം. ഫയലിൽ 20.03.2015-ൽ ധനകാര്യ വകുപ്പിലേക്ക് അയക്കുകയും ചെയ്തു. |
| (സി) | ധനകാര്യ വകുപ്പിൽ നിന്നും പ്രസ്തുത വിഷയത്തിൽ നമ്പർ BW/E4/232/2015 പ്രകാരം പൊതുമരാമത്ത് സി2 സെക്ഷനിലേക്ക് അയച്ച കുറിപ്പിനെ തുടർന്ന് പി.ഡബ്ളിയു.ഡി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (സി) | ധനകാര്യ വകുപ്പിൽ നിന്നും BW/E4/232/ 2015 പ്രകാരം കുറിപ്പ് ലഭിച്ചെങ്കിലും പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന പൊതുമരാമത്ത് വകുപ്പിലെ ഫയൽ നം. 6472/C2/2015/PWD ധനകാര്യ വകുപ്പിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കുറിപ്പിന്മേൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഉള്ളൂർ കടവ് പാലം സ്ഥലമെടുപ്പ് നടപടികൾ G.O(Rt) No. 2271/15 RD Revenue (B) Department തീ. 30.04.15 സർക്കാർ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടറുടെ നടപടികളിലൂടെ നെഗോഷ്യേറ്റഡ് പർച്ചേസിലൂടെ പൂർത്തീകരിക്കാൻ കഴിയുമോ എന്ന സാധ്യത പി.ഡബ്ളിയു.ഡി പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | പി.ഡബ്ളിയു.ഡി നടപ്പാക്കുന്ന 100 പാലങ്ങൾ പദ്ധതിയിൽ പ്രസ്തുത പാലം നിർമ്മാണം ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; ഡിനോവ ആയ സ്ഥിതിയിൽ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകാൻ തീരുമാനമെടുക്കുമോ? | (ഇ) | ഇക്കാര്യത്തിൽ ഇതുവരെ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്